# Malayala Manorama

# 18 August 2018

# Kerala, Flood, Water Level Recedes

# താഴ്ന്നുതുടങ്ങുന്നു, ജലനിരപ്പ്

## കാസർകോട്

തേജസ്വിനിപ്പുഴയിലെ ജലനിരപ്പ് ഇന്നലത്തേതിനെക്കാൾ കുറഞ്ഞു.ചന്ദ്രഗിരിപ്പുഴയിലെ ജലനിരപ്പ് ഉയർന്നുതന്നെ. അപകടകരമായ സാഹചര്യം നിലവിലില്ല.

## കണ്ണൂർ

പഴശ്ശി ഡാമിന്റെ ജലനിരപ്പ് 18.3 മീറ്റർ. ഡാമിന്റെ 16ൽ 14 ഷട്ടറുകളും തുറന്നിരിക്കുകയാണ്.

## വയനാട്

ബാണാസുരസാഗർ അണക്കെട്ടിലെ ജലനിരപ്പ് - 774.30 മീറ്റർ, പുറത്തേക്ക് ഒഴുക്കുന്ന വെള്ളം- 149 ഘന അടി. കാരാപ്പുഴ ഡാം: 758.2, പുറത്തേക്ക് ഒഴുക്കുന്നതു - 34 ഘന അടി. കബനി നദിയിലേക്കെത്തുന്ന വെണ്ണിയോട്, പനമരം പുഴകളും കബനിയും പലയിടങ്ങളിലും കവിഞ്ഞൊഴുകുന്നു.

കൈപ്പാട്ടുക്കുന്ന്, മലങ്കര, നീരട്ടാടി, കഴുക്കലോടി, മെച്ചന, കുറുമണി, വെണ്ണിയോട്, മൈലാടി, പുഴയ്ക്കം വയൽ, വലിയകുന്ന്, കഴുക്കലോടി, കോട്ടത്തറ, കുറുമണി, മാത്തൂർ, കാവടം, നെല്ലാറാട്ടുകുന്ന്, മേച്ചേരി, അങ്ങാടിവയൽ, നടയ്ക്കൽ മേഖലകൾ വെള്ളത്തിൽ. വെണ്ണിയോട് പുഴ കരകവിഞ്ഞു വലിയകുന്ന് കോളനി റോഡും പ്രദേശവും വെള്ളത്തിനടിയിൽ.

## കോഴിക്കോട്

ജില്ലയിലെ കക്കയം, പെരുവണ്ണാമൂഴി ഡാമുകൾ തുറന്നുതന്നെ. കക്കയം ഷട്ടർ തുറന്നതു മൂന്നരയടി എന്നതു രണ്ടടിയാക്കി താഴ്ത്തിയിട്ടുണ്ട്. ഇരുവഞ്ഞി, ചെറുപുഴ, പൂനൂർ പുഴകളിലെ ജലനിരപ്പു കുറഞ്ഞിട്ടുണ്ട്. കുറ്റ്യാടിപ്പുഴയിലും നീരൊഴുക്കു കുറഞ്ഞു. ചാലിയാറിൽ വെള്ളം കുറയാത്തതിനാൽ മാവൂർ പഞ്ചായത്തിലും രാമനാട്ടുകര, ഫറോക്ക് മുനിസിപ്പാലിറ്റികളിലും ഇപ്പോഴും വെള്ളപ്പൊക്കം.

## മലപ്പുറം

ഭാരതപ്പുഴയിലും പൊന്നാനിപ്പുഴയിലും കടലുണ്ടിപ്പുഴയിലും ജലനിരപ്പ് ക്രമാതീതമായുയർന്നു. ഭാരതപ്പുഴ കരകവിഞ്ഞതോടെ പൊന്നാനി ടൗൺ, ഈശ്വരമംഗലം, കോട്ടത്തറ, കുറ്റിപ്പുറം ടൗൺ, പുറത്തൂർ, തിരുനാവായ, ചെമ്പിക്കൽ, ആലിങ്ങൽ പ്രദേശങ്ങൾ വെള്ളത്തിലായി. പുറത്തൂരിൽനിന്നു മൂവായിരത്തോളം കുടുംബങ്ങളെ ഒഴിപ്പിച്ചു. പൊന്നാനിയിൽ രണ്ടായിരത്തോളം കുടുംബങ്ങളെ ദുരിതാശ്വാസ ക്യാംപിലേക്കു മാറ്റി. ചാലിയാർ കരകവിഞ്ഞ് വെട്ടുപാറ, വാഴക്കാട്, അഴിഞ്ഞിലം, തിരുത്തിയാട് പ്രദേശങ്ങൾ മുങ്ങി.

## പാലക്കാട്

മലമ്പുഴ ഉൾപ്പെടെ ജില്ലയിലെ മുഴുവൻ ഡാമുകളിലെയും ജലനിരപ്പു താഴ്ന്നു. ഡാമുകൾ തുറന്നുതന്നെ.

## എറണാകുളം

ഇടമലയാർ, ഭൂതത്താൻകെട്ട് ഡാമുകളിൽനിന്നൊഴുക്കുന്ന വെള്ളത്തിന്റെ അളവ് കുറച്ചെങ്കിലും, പെരിയാറും മൂവാറ്റുപുഴയാറും അപകടാവസ്ഥയിൽത്തന്നെ. ആലുവ കമ്പനിപ്പടി, കുന്നത്തേരി, പറവൂർ, ചേന്ദമംഗലം, കടുങ്ങല്ലൂർ, വരാപ്പുഴ, കൂനമ്മാവ്, മാഞ്ഞാലി, നെടുമ്പാശേരി, കുന്നുകര, മൂഴിക്കുളം, കാലടി, മൂവാറ്റുപുഴ മേഖലകൾ ഇപ്പോഴും പ്രളയത്തിൽ.

ഇടമലയാറിലെ ജലനിരപ്പ് പരമാവധി സംഭരണശേഷിയായ 169 മീറ്ററിൽനിന്നു 168. 54 ആയി താഴ്ന്നു. ഭൂതത്താൻകെട്ടിലെ ജലനിരപ്പ് 34 മീറ്ററായി താഴ്ന്നു. 35 മീറ്റർ സംഭരണശേഷിയുള്ള അണക്കെട്ട് വ്യാഴാഴ്ച കവിഞ്ഞൊഴുകിയിരുന്നു.

## ഇടുക്കി

ഇന്നലെ രാത്രി എട്ടിനുള്ള കണക്കുപ്രകാരം ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2401.60 അടിയാണ്. അണക്കെട്ടിലേക്കുള്ള നീരൊഴുക്കു സെക്കൻഡിൽ 1.51 ലക്ഷം ലീറ്റർ. അണക്കെട്ടിൽനിന്നു പുറത്തേക്കൊഴുക്കുന്നതു സെക്കൻഡിൽ 1.15 ലക്ഷം ലീറ്റർ. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 140.80 അടി. പുറത്തേക്കൊഴുക്കുന്നതു സെക്കൻഡിൽ 2.30 ലക്ഷം ലീറ്റർ വെള്ളം.

## കോട്ടയം

മഴ തെല്ലു ശമിച്ചതോടെ മണിമല, മീനച്ചിൽ നദികളുടെ ഉദ്ഭവസ്ഥാനങ്ങളിൽ ജലനിരപ്പു കുറഞ്ഞു. അതേസമയം, കോട്ടയത്തിന്റെ പടിഞ്ഞാറൻ മേഖലകളിലെ കൈവഴികളിൽ ജലനിരപ്പ് ഉയരുന്നു.

## ആലപ്പുഴ

തണ്ണീർമുക്കം ബണ്ട് ഇന്നലെ 40 സെന്റിമീറ്റർ കൂടി ഉയർത്തിയെങ്കിലും വെള്ളം പുറത്തേക്ക് ഒഴുകുന്നതിന്റെ അളവു കൂടിയിട്ടില്ല. ദേശീയപാതയിൽ തോട്ടപ്പള്ളിയിലെ സ്പിൽവേ ഷട്ടറുകൾ ഉയർത്തുകയും സ്പിൽവേ ചാനലിലെ മണ്ണു നീക്കംചെയ്യുകയും ചെയ്തതോടെ 300 മീറ്റർ വീതിയിൽ കടലിലേക്കു വെള്ളം ഒഴുകുന്നുണ്ട്.

## പത്തനംതിട്ട

കക്കി-ആനത്തോട് അണക്കെട്ടിൽ 981.10 മീറ്റർ വെള്ളമുണ്ട്. പരമാവധി ശേഷി 981.46 മീറ്റർ. നാലു ഷട്ടറുകളും ആറടിയിൽനിന്ന് 2.5 അടിയായി താഴ്ത്തിയിട്ടുണ്ട്. അണക്കെട്ടിന്റെ നീർത്തട പ്രദേശത്ത് ഇന്നലെ 20.5 സെന്റിമീറ്റർ മഴ പെയ്തു.

കൊച്ചുപമ്പാ അണക്കെട്ടിൽ 981.80 മീറ്റർ വെള്ളമുണ്ട്. പരമാവധി ശേഷി 986.3 മീറ്റർ. ആറു ഷട്ടറുകളും ഒരടിയായി താഴ്ത്തിയിട്ടുണ്ട്. ഇന്നലെ, ഇതിൽ നാലു ഷട്ടറുകൾ മൂന്നടി വീതവും രണ്ടു ഷട്ടറുകൾ രണ്ടടിവീതവുമാണു തുറന്നിരുന്നത്. നീർത്തട പ്രദേശത്ത് ഇന്നലെ 8.5 സെന്റിമീറ്റർ മഴ പെയ്തു.

## കൊല്ലം

തെന്മല പരപ്പാർ അണക്കെട്ടിലെ ജലനിരപ്പിൽ നേരിയ കുറവുണ്ടെങ്കിലും സംഭരണശേഷി കടന്നു. 386.16 അടിയാണ് ഇന്നലെ വൈകിട്ടത്തെ ജലനിരപ്പ്. സംഭരണശേഷി 386.02 അടി. മൂന്നു ഷട്ടറും അഞ്ചര അടിയായി താഴ്ത്തി. കല്ലട, ഇത്തിക്കര, പള്ളിക്കൽ ആറുകൾ പലയിടത്തും കരകവിഞ്ഞൊഴുകുന്നു. പുനലൂർ, കുളത്തൂപ്പുഴ, പുത്തൂർ, ശൂരനാട്, കിഴക്കേ കല്ലട, പടിഞ്ഞാറെ കല്ലട, മൺറോത്തുരുത്ത്, ആദിച്ചനല്ലൂർ, മീനാട്, നെടുങ്ങോലം, ഇത്തിക്കര, മയ്യനാട് താന്നി, ഇരവിപുരം എന്നീ സ്ഥലങ്ങൾ വെള്ളത്തിലാണ്.

## തിരുവനന്തപുരം

നെയ്യാർ, പേപ്പാറ, അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ തുറന്നിട്ടിരിക്കുന്നു.